**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **21-01-2021 - ൽ മറുപടിയ്ക്ക്**

**ചരക്ക് സേവന നികുതി നഷ്ടപരിഹാരം സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Dr. T. M. Thomas Isaac**<br>**(ധനകാര്യവും കയറും വകുപ്പമന്ത്രി)** | |
| (എ) | ചരക്ക് സേവനനികുതി നഷ്ടപരിഹാരവിഷയം സംബന്ധിച്ച് കേന്ദ്രം സ്വീകരിച്ച നിലപാടിനോട് സംസ്ഥാനം വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നോ; എങ്കിൽ എന്തുകൊണ്ട്; | (എ) | കോവിഡ് മഹാമാരി കാരണം compensation cess ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27.08.2020 ൽ കൂടിയ 41-ാം മത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) പ്രഖ്യാപിക്കുകയുണ്ടായി. Special Window Facility യിലൂടെയുള്ള വായ്പയിലൂടെ സംസ്ഥാനങ്ങൾക്ക് 1.10 ലക്ഷം കോടി രൂപ എടുക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം 1.83 ലക്ഷം കോടിരൂപ യാണ്. മേൽ വസ്തുത ശ്രദ്ധയിൽപ്പെടുത്തുകയും Special Window Facility യിലൂടെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് അയച്ചിരുന്നു. |
| (ബി) | പിന്നീട് കേന്ദ്രനിലപാടിനോടുള്ള എതിർപ്പ് നിലനിർത്തി വായ്പ സ്വീകരിക്കുവാൻ സംസ്ഥാനം തീരുമാനം എടുത്തോ; ഇതു സംബന്ധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകിയിരുന്നോ; | (ബി) | കോവിഡ് മഹാമാരി കാരണം compensation cess ൽ വരുമാന നഷ്ടം ഉണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരുകയും ഇത് 27.08.2020 ൽ കൂടിയ 41-ാം മത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി നഷ്ടപരിഹാരത്തിന് തുല്യമായ തുക |

| | | | |
|---|---|---|---|
| | | | കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടു വയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ) പ്രഖ്യാപിക്കുകയുണ്ടായി. Special Window Facility യിലൂടെയുള്ള വായ്പയിലൂടെ സംസ്ഥാനങ്ങൾക്ക് 1.10 ലക്ഷം കോടി രൂപ എടുക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുള്ളതാണ്. എന്നാൽ സാധാരണഗതിയിൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാരം 1.83 ലക്ഷം കോടിരൂപ യാണ്. മേൽ വസ്തുത ശ്രദ്ധയിൽപ്പെടുത്തുകയും Special Window Facility യിലൂടെ സംസ്ഥാനങ്ങൾക്ക് അനുവദിച്ചിട്ടുള്ള വായ്പ 1.10 ലക്ഷം കോടിയിൽ നിന്ന് 1.83 ലക്ഷം കോടിയായി ഉയർത്തണമെന്നും ആവശ്യപ്പെട്ടു കൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്ക് കത്ത് അയച്ചിരുന്നു. |
| (സി) | കേന്ദ്രനിലപാട് സ്വീകരിച്ചത് മൂലം സംസ്ഥാനത്തിന് ജി.എസ്.ടി നഷ്ടപരിഹാരമായി എന്ത് തുക ലഭിക്കുമെന്നും, വിപണിയിൽ നിന്നും അധികമായി എന്ത് തുക വായ്പ എടുക്കാമെന്നും വ്യക്തമാക്കുമോ; ഇതു പ്രകാരം ഇതിനകം എത്ര തുക വായ്പയെടുത്തുവെന്നും വ്യക്തമാക്കാമോ? | (സി) | സാമ്പത്തിക വർഷം 2020-21 ഏപ്രിൽ മുതൽ ഡിസംബർ വരെ കേരളത്തിന് ലഭിക്കേണ്ട നഷ്ടപരിഹാര തുക 12,000 കോടി രൂപയാണ്. ഇതിൽ 2020 ഡിസംബർ 31 വരെ കോമ്പൻസേഷൻ സെസ്സിൽ നിന്നുള്ള നഷ്ടപരിഹാരമായി 1829.3 കോടി രൂപ സംസ്ഥാന സർക്കാരിനു നല്കിയിട്ടുണ്ട്. കൂടാതെ, കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച GST compensation പാക്കേജ് (Special Window Facility യിലൂടെയുള്ള വായ്പ)അനുസരിച്ച് 5766 കോടി രൂപയാണ് സംസ്ഥാനത്തിന് ലഭ്യമാകുന്നത്. ഇതിൽ, 2020-21 സാമ്പത്തിക വർഷം ഇതുവരെ 2525.64 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2020-21 സാമ്പത്തിക വർഷം ആകെ GST നഷ്ടപരിഹാരമായി 4354.94 കോടി രൂപ (1829.3 Cr cess + 2525.64 Cr Special Window Loan) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ